നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 827 08.01.2014–ലെ മറുപടിക്ക്

# പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ തുടങ്ങുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം മഞ്ചേരി, കാസർഗോഡ്, ഇടുക്കി, കോന്നി, വയനാട്, തിരുവനന്തപുരം, പാലക്കാട്, ഹരിപ്പാട് എന്നിവിടങ്ങളിലാണ് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. മഞ്ചേരി മെഡിക്കൽ കോളേജ് ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>ഇവയിൽ പാലക്കാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലാണ്. സർക്കാർ സ്വകാര്യ സംയുക്ത സംരംഭമായി ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജിന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്. ഇടുക്കി, കോന്നി, വയനാട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഹരിപ്പാട് സ്ഥാപിക്കുന്ന പുതിയ മെഡിക്കൽ കോളേജിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായും അതാത് കോളേജിലെ പ്രിൻസിപ്പാൾ/സ്പെഷ്യൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായും പ്രാദേശിക ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |

പ്രസ്തുത കമ്മിറ്റിയുടെ യോഗങ്ങൾ എല്ലാ സ്ഥലത്തും 6 പ്രാവശ്യത്തിൽ കുറയാതെ കൂടുകയും കോളേജിനാവശ്യമായ സ്ഥലം കണ്ടെത്തുക, കെട്ടിട നിർമ്മാണം, റോഡ്, ജലലഭ്യത, കുടിവെള്ള വിതരണം, മാലിന്യ നിർമ്മാർജ്ജനം, വൈദ്യുതി, ഗ്രൗണ്ട് വാട്ടർ എന്നിങ്ങനെ അനുബന്ധ സൗകര്യങ്ങൾക്കും ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുവാനും തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു വേണ്ടി വിവിധ സർക്കാർ ഏജൻസികൾക്ക് കൈമാറാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

കാസർഗോഡ് ബദിയടുക്ക വില്ലേജിൽ 60 ഏക്കർ സ്ഥലവും മഞ്ചേരിയിൽ 23 ഏക്കർ സ്ഥലവും മെഡിക്കൽ കോളേജിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കിയിൽ ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള 45 ഏക്കർ കൈമാറാനുള്ള സന്നദ്ധത ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോന്നിയിൽ 50 ഏക്കർ സ്ഥലം മെഡിക്കൽ കോളേജിനായി ലഭ്യമാക്കിയിട്ടുണ്ട്.

തിരുവനന്തപുരത്ത് ജനറൽ ആശുപത്രി സ്ഥിതിചെയ്യുന്ന വഞ്ചിയൂർ വില്ലേജിലെ 22 ഏക്കർ സ്ഥലം ഉപയോഗിക്കുവാനുള്ള അനുവാദം ലഭ്യമായിട്ടുണ്ട്. ഇവിടങ്ങളിലെല്ലാം കോളേജിന്റെ കെട്ടിടനിർമ്മാണത്തിനാവശ്യമായ വിശദമായ പഠന റിപ്പോർട്ടും പ്ലാനുകളും എസ്റ്റിമേറ്റുകളും തയ്യാറാക്കിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു.

| | |
|---|---|
| (സി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ഓരോന്നിലും അനുവദിച്ചിട്ടുള്ള മെഡിക്കൽ സീറ്റുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ? | (സി) മഞ്ചേരി മെഡിക്കൽ കോളേജിൽ 100 സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധനകൾക്ക് ശേഷം മാത്രമേ മറ്റ് മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ സംബന്ധിച്ച അന്തിമ ധാരണ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ